**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1344** **12-02-2025 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പാചക തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ പാചക തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം നല്കുന്നത് പരിഗണിക്കാമെന്ന് കഴിഞ്ഞ സർക്കാർ ഉറപ്പ് നല്കിയിരുന്നോ; വ്യക്തമാക്കാമോ; | (എ) | അത്തരത്തിൽ ഉറപ്പ് നൽകിയിട്ടുള്ള വിവരം ശ്രദ്ധയിൽ പെട്ടിട്ടില്ല |
| (ബി) | സ്കൂൾ പാചക തൊഴിലാളികൾക്ക് പി.എഫ്., ഇ.എസ്.ഐ. ആനുകൂല്യങ്ങൾ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; | (ബി) | പാചക തൊഴിലാളികളെ ഇ.എസ്.ഐ. ഇ.പി.എഫ് പദ്ധതികളിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം പരിശോധിക്കുന്നതിനായി സ്കൂൾ പാചക തൊഴിലാളികളെ മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് തൊഴിലും നൈപുണ്യവും വകുപ്പുമായി ചേർന്ന് പരിശോധിക്കുകയും എന്നാൽ "എംപ്ലോയ്മെന്റ് ഇൻ മിഡ് ഡേ മീൽ സ്കീം ഇൻ സ്കൂൾസ്" മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച് 14.03.2023-ലെ LBRD-E1/114//2021-LBRD നമ്പർ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും, ആയതിൽ അന്തിമ തീരുമാനം എടുത്തിട്ടില്ലായെന്ന് പ്രസ്തുത വകുപ്പ് അറിയിക്കുകയുണ്ടായി. തൊഴിലും നൈപുണ്യവും വകുപ്പ് അന്തിമ തീരുമാനം എടുത്ത ശേഷം ടി വിഷയം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | എങ്കിൽ ഇത് എന്നുമുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | പാചക തൊഴിലാളികളെ ഇ.എസ്.ഐ. ഇ.പി.എഫ് പദ്ധതികളിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം പരിശോധിക്കുന്നതിനായി സ്കൂൾ പാചക തൊഴിലാളികളെ മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് തൊഴിലും നൈപുണ്യവും വകുപ്പുമായി ചേർന്ന് പരിശോധിക്കുകയും എന്നാൽ "എംപ്ലോയ്മെന്റ് ഇൻ മിഡ് ഡേ മീൽ സ്കീം ഇൻ സ്കൂൾസ്" മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ മിനിമം വേതന |

| | | | |
|---|---|---|---|
| | | | നിയമത്തിന്റെ ഷെഡ്യൂളിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച് 14.03.2023-ലെ LBRD-E1/114//2021-LBRD നമ്പർ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും, ആയതിൽ അന്തിമ തീരുമാനം എടുത്തിട്ടില്ലായെന്ന് പ്രസ്തുത വകുപ്പ് അറിയിക്കുകയുണ്ടായി. തൊഴിലും നൈപുണ്യവും വകുപ്പ് അന്തിമ തീരുമാനം എടുത്ത ശേഷം ടി വിഷയം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ